# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 18.10.2016 - ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നമ്പർ: 3064

### ഏനാദിമംഗലം പി.വി.സി. ടഫ്റ്റഡ് മെഷീൻ ഫാക്ടറി

| ചോദ്യം<br><br>ശ്രീ.അടൂർ പ്രകാശ് | ഉത്തരം<br><br>ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) കയർ കോർപ്പറേഷന്റെ അധീനതയിൽ ഏനാദിമംഗലത്ത് പ്രവർത്തിക്കുന്ന പി.വി.സി. ടഫ്റ്റഡ് മെഷീൻ ഫാക്ടറിയുടെ ഉത്പാദനം ഇപ്പോൾ എത്രയാണ്; ഇത് ഉത്പാദനക്ഷമതയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; എത്ര ഉത്പാദനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | എ)&സി) കയർ കോർപ്പറേഷന്റെ അധീനതയിൽ ഏനാദിമംഗലത്തു പ്രവർത്തിക്കുന്ന പി.വി.സി. ടഫ്റ്റഡ് മെഷീൻ ഫാക്ടറിയുടെ ഉൽപ്പാദനം ഇപ്പോൾ ഷിഫ്റ്റിൽ ശരാശരി 1850 സ്ക്വയർ മീറ്റർ ആണ്. ഇത് ഉൽപ്പാദനക്ഷമതയുടെ 77.08% ആണ്.<br><br>ഫാക്ടറിയിൽ ഒരു ഷിഫ്റ്റിൽ 2400 സ്ക്വയർ മീറ്റർ വരെ ഉൽപ്പാദിപ്പിക്കാവുന്നതാണ്.. |
| ബി)എത്ര ഷിഫ്റ്റുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്; ഈ ഫാക്ടറിക്ക് എത്ര ഷിഫ്റ്റ് വരെ പ്രവർത്തിക്കാനുള്ള കപ്പാസിറ്റിയുണ്ടെന്ന് വിശദമാക്കുമോ; | ബി)ഇപ്പോൾ ഫാക്ടറിയിൽ ഒരു ഷിഫ്റ്റിലാണ് പ്രവർത്തനം നടക്കുന്നത്. ഈ ഫാക്ടറിക്ക് ദിവസം 3 ഷിഫ്റ്റുവരെ പ്രവർത്തിക്കുവാനുള്ള കപ്പാസിറ്റി യുണ്ടെങ്കിലും സാധാരണയായി ടഫ്റ്റിംഗ് പ്ലാന്റുകളിൽ 2 ഷിഫ്റ്റുകൾ മാത്രമേ പ്രവർത്തിപ്പിക്കാറുള്ളു. |
| സി) ഇപ്പോൾ ഒരു ദിവസത്തെ ഒരു ഷിഫ്റ്റിലെ ഉത്പാദനം എത്രയാണ്; ഒരു ഷിഫ്റ്റിലെ ഇൻസ്റ്റാൾഡ് കപ്പാസിറ്റി എത്രയെന്ന് വ്യക്തമാക്കുമോ; | സി) (എ) പിരിവിലെ ഉത്തരം കണ്ടാലും. |
| ഡി) പി.വി.സി. ടഫ്റ്റഡ് മാറ്റുകളുടെ വിപണിയിലുള്ള ഡിമാന്റ് അനുസരിച്ചുള്ള ഉത്പാദനം ഇവിടെ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ; | ഡി)പി.വി.സി. ടഫ്റ്റഡ് മാറ്റുകൾക്ക് ഇപ്പോൾ വിപണിയിൽ വളരെ ഉയർന്ന ഡിമാന്റുണ്ട്. കയർ കോർപ്പറേഷനിൽ സ്ഥാപിച്ചിട്ടുള്ള 2 ടഫ്റ്റിംങ്ങ് യന്ത്രങ്ങളിൽ 2 ഷിഫ്റ്റുകളിലായി 4800 സ്ക്വയർ മീറ്റർ ഉൽപ്പാദിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ എടുത്തുവരുന്നു. |
| ഇ) ഇവിടെ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളിൽ buy back arrangements വല്ലതും നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനമാണ്; എത്ര തുകയ്ക്കാണ്; ഇതിൽ എത്ര ശതമാനം കയറ്റുമതിയ്ക്കായി ഉപയോഗിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | ഇ)ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളിൽ യന്ത്രനിർമ്മാതാക്കളുമായി ബൈ ബാക്ക് എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളിൽ 60% ആണ് യന്ത്രനിർമ്മാതാക്കൾക്ക് ബൈ ബാക്ക് എഗ്രിമെന്റ് അനുസരിച്ച് നൽകേണ്ടത്. ഇങ്ങനെ നൽകുന്ന ഉൽപ്പന്നങ്ങൾ പൂർണ്ണമായും കയറ്റുമതിക്കായി ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ